ഉത്തരം

(എ) തൃക്കരിപ്പൂർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്ക് DSR 2013 നിരക്കനുസരിച്ച് 723 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകേണ്ടത് ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നാണ്.

(ബി) എഗ്രിമെന്റ് പ്രകാരം 3-7-2005-ന് തീർക്കേണ്ട പ്രസ്തുത പ്രവൃത്തി രണ്ടു തവണകളിലായി സമയപരിധി 30-9-2008 വരെ നീട്ടിക്കൊടുത്തെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ എടുക്കാതെ അകാരണമായി പ്രവൃത്തി വൈകിപ്പിക്കുകയാണുണ്ടായത്. ചെയ്തുതീർത്ത പ്രവൃത്തിക്കായി 139.52 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് കൂടിയ നിരക്ക് നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു.

(സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ നിലവിലുള്ള കരാറുകാരൻ ഇതുവരെ ചെയ്ത പ്രവൃത്തിക്ക് പഴയനിരക്കിൽ പണം കൊടുക്കണമെന്നും ബാക്കിയുള്ള പണികൾ പുതുക്കിയ നിരക്കിൽ നിലവിലുള്ള കരാറുകാരനെ കൊണ്ട് ചെയ്യിക്കുന്നതിനും സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഈ പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയുണ്ടായില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിലുള്ള പ്രവൃത്തി ടെണ്ടർവഴിമാത്രമേ നൽകാൻ കഴിയൂ. ആയതിനാലാണ് കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചത്.

**പാളയം രക്തസാക്ഷിമണ്ഡപം സർക്കാരിതര പരിപാടികൾക്കായി ഉപയോഗിക്കുന്നതിലെ നിബന്ധനകൾ**

326 (7297) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പാളയം രക്തസാക്ഷിമണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലൈ 1 മുതൽ നടത്തിവന്ന അനിശ്ചിതകാല ധർണ്ണ അവസാനിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം ധർണ്ണയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥലത്ത് സർക്കാരിതര പരിപാടികൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ; വാടക യഥാസമയം ഒടുക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) വാടക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) രക്തസാക്ഷിമണ്ഡപത്തിന്റെ പരിസരപ്രദേശങ്ങൾ ഏതെങ്കിലും രാഷ്ട്രീയകക്ഷികൾ അനധികൃതമായി ഉപയോഗിച്ചാൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ; ഇക്കാര്യത്തിൽ അത്തരം നടപടികൾ എടുക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പാളയം രക്തസാക്ഷിമണ്ഡപത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ 2013 ജൂലൈ 1 മുതൽ നടത്തി വന്ന അനിശ്ചിതകാല ധർണ 27-1-14-ൽ ആണ് അവസാനിച്ചത്.

(ബി) അനുവാദം നൽകിയിട്ടില്ല.

(സി&ഡി) ഇല്ല. വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കിയതിനു ശേഷമാണ് രക്തസാക്ഷിമണ്ഡപപരിസരം ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്. എൽ.ഡി.എഫ്. ആഭിമുഖ്യത്തിൽ ധർണ നടത്തുന്നതിന് വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കണമെന്ന് 27-6-13-ൽ സി.പി.ഐ.എം. ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവ ഒടുക്കിയിരുന്നില്ല. വാടക ഒടുക്കണമെന്നാവശ്യപ്പെട്ട് പിന്നീട് പാർട്ടി ജില്ലാ സെക്രട്ടറിക്ക് രണ്ട് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.

(ഇ) കേരള റോഡ് ഫണ്ട് ബോർഡിന്റെ 10-9-12-ലെ സർക്കുലർ നമ്പർ.1391/പി.ഇ./കെ.ആർ.എഫ്.ബി./12 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

7024, 7030, 7088, 7094, 7167, 7188 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly